നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 227

28/11/2018 ലെ
മറുപടിയ്ക്ക്

## അഴിമതിമുക്ത വികസിത മതേതര കേരളമെന്ന ആശയം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. കെ ദാസൻ | | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| എ) | നവോത്ഥാന മൂല്യങ്ങൾക്കുമേൽ പ്രതിലോമ ആശയങ്ങൾ പ്രചരിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പുരോഗമന ആശയങ്ങളും മൂല്യങ്ങളും പുനഃസ്ഥാപിക്കുന്നതിനും പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ, വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നവോത്ഥാനമൂല്യങ്ങൾ സംബന്ധിച്ച ബോധവത്കരണം ലക്ഷ്യമിട്ട് ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാമത് വാർഷികത്തോടനുബന്ധിച്ച് 2018 നവംബർ 9 മുതൽ 13 വരെയുള്ള കാലയളവിൽ തലസ്ഥാനത്തും എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലും തമസോമ ജ്യോതിർഗമയ - ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് എന്ന പേരിൽ നവോത്ഥാന ചരിത്രപ്രദർശനം , സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, വിവിധ കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് നവോത്ഥാന ചരിത്രം ഉൾപ്പെടുത്തി തമസോ മാ ജ്യോതിർഗമയ എന്ന ലഘുപുസ്തകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതോടോപ്പം ഈ വിഷയത്തിൽ ഒരു ഡോക്യുമെന്ററിയും തയ്യാറാക്കി പ്രദർശിപ്പിച്ചു വരുന്നു. ഇതിനു പുറമെ സാമൂഹിക മാധ്യമങ്ങൾ മുഖേനയും ബോധവത്കരണം നടത്തി വരുന്നു. ഇതു സംബന്ധിച്ച പത്രക്കുറിപ്പുകളും വാർത്തകളും വിവിധ പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, എഫ് എം ചാനലുകൾ എന്നിവ വഴി പ്രചരിച്ചിട്ടുണ്ട്. നവോത്ഥാനമൂല്യങ്ങളുടെയും ഭരണഘടനാവകാശങ്ങളുടെയും പ്രാധാന്യം സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ ബോധവത്കരണം നടത്താനായി 2018 നവംബർ 26 മുതൽ 2019 ജനുവരി 26 വരെ സംസ്ഥാനത്തെ സ്കൂളുകളിൽ പ്രദർശനങ്ങൾ , ക്ലാസ്സും അവതരണങ്ങൾ, ക്വിസ് മത്സരങ്ങൾ, വിക്ടേഴ്സ് ചാനൽ വഴി മത്സരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി തമസോ മാ ജ്യോതിർഗമയ എന്ന പേരിലുള്ള പ്രത്യേക കാമ്പെയിനും സംഘടിപ്പിക്കുന്നുണ്ട്. |
| ബി) | അഴിമതിമുക്ത വികസിത മതേതര കേരളമെന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ജനകീയ ജനാധിപത്യ വിദ്യാഭ്യാസ പരിപാടി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | അഴിമതിമുക്ത വികസിത മതേതര കേരളമെന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി 'തമസോമാ ജ്യോതിർഗമയ' നവോത്ഥാന സ്കൂൾ കാമ്പയിൻ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നല്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ